പുതിയ വൈദ്യുത പദ്ധതികൾ

33 (400) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയിലും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 42.91 MW സ്ഥാപിത ശേഷിയുള്ള പദ്ധതികളാണ് കമ്മീഷൻ ചെയ്തത്. വിവരങ്ങൾ താഴെ ചേർക്കുന്നു :

ക്രമ നമ്പർ	Name of Station	Installed Capacity (MW)	Annual Generation Capacity(MU)
1	റാന്നി-പെരിനാട് (കെ.എസ്.ഇ.ബി.)	4	16.73
2	ഇരിട്ടിക്കാനം സ്റ്റേജ് II (ഐ.പി.പി.)	1.5	3.94
3	പീച്ചി (കെ.എസ്.ഇ.ബി.)	1.25	3.21
4	പാമ്പുംകയം(മാങ്കുളം) മിനി എച്ച്.ഇ.പി. (ഐ.പി. പി.)	0.11	0.29
5	കാരിക്കയം എസ്.എച്ച്.പി. (ഐ.പി.പി.)	10.5	27.6
6	ശബരിഗിരി (ആർ.എം. യു.)#4	5	
7	മീൻവല്ലം (ഐ.പി.പി.)	3	8.37
8	വിലങ്ങാട് (കെ.എസ്.ഇ.ബി.)	7.5	22.63
9	പെരിങ്ങൽകുത്ത് (ആർ.എം.യു) #1,2,3,4	4	
10	കല്ലാർ മൈക്രോ എച്ച്.ഇ.പി.	0.05	0.13
11	ചിമ്മിനി	2.5	6.7
12	ആഢ്യൻപാറ	3.5	9.01
	ആകെ	42.91	98.61

LIBRARY ARCHIVES Kerala Legislative Assembly

ഇവ കൂടാതെ 66 കിലോവാട്ട് ശേഷിയുള്ള 64 പീക്കോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ക്രമനമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി
1	കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്)	1.00
2	ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ	0.096
3	പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050
	ആകെ	1.146 MW

കാവാലം സബ്സ്റ്റേഷൻ നിർമ്മാണം

34 (401) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി ആദ്യം കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചിട്ടില്ല തുടർന്ന് നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ കരഭൂമി കണ്ടെത്തി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള മറ്റു സാങ്കേതിക കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികൾ

35 (402) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly